# ഭരണകൂടം

പ്രാതിനിധ്യ വ്യവസ്ഥ(ഖിലാഫത്)യിൽ അധിഷ്ഠിതമായ ജനായത്ത ഭരണമാണ് ഇസ്‌ലാമിക നാഗരികതയുടെ പ്രധാന സംഭാവനകളിലൊന്ന്. പ്രായപൂർത്തിയായ ഓരോ വ്യക്തിക്കും ഭരണാധികാരിയെ നിശ്ചയിക്കുന്നതിൽ പങ്കുണ്ടായിരുന്നു. 'ബൈഅത്' എന്നാണ് ഈ സമ്മതിദാനത്തെ സാങ്കേതികമായി വിളിച്ചിരുന്നത്. പൊതുജനങ്ങളുടെ അഥവാ അവരുടെ പ്രതിനിധികളായ നേതാക്കളുടെ ബൈഅതിലൂടെയാണ് ഖലീഫഃമാർ തെരഞ്ഞെടുക്കപ്പെട്ടത്. ഈ ഖലീഫഃമാർ ജനങ്ങൾക്ക് എപ്പോഴും പ്രാപ്യരായിരുന്നു. ജനങ്ങൾക്ക് അവരെ ചോദ്യം ചെയ്യാനും തിരുത്താനും അവകാശമുണ്ടായിരുന്നു. ഖലീഫഃ ഉമർ മഹ്റിന് പരിധി ഏർപ്പെടുത്തിയപ്പോൾ പൊതുസദസ്സിൽ വെച്ച് ഒരു വനിത അതിനെ ചോദ്യം ചെയ്യുകയും ഖലീഫഃ തന്റെ തീരുമാനം ഉപേക്ഷിക്കുകയും ചെയ്ത സംഭവം പ്രസിദ്ധമാണ്. ഖലീഫഃ ഉമർ ധരിച്ച വസ്ത്രത്തെക്കുറിച്ചും ചോദ്യമുണ്ടായി. പൊതുമുതലിൽനിന്ന് താൻ അധികം പറ്റിയിട്ടില്ലെന്നും തന്റെ മകന്റെ വിഹിതം കൂടി ചേർത്ത് പാകമായ കുപ്പായം തുന്നിയതാണെന്നും ഖലീഫഃക്കു വിശദീകരിക്കേണ്ടിവന്നു. ലളിതമായ ജീവിതമാണ് ആദ്യകാല ഖലീഫഃമാർ നയിച്ചിരുന്നത്. മരച്ചുവട്ടിൽ വടി തലക്കുവെച്ചു കിടന്നുറങ്ങുന്ന ഖലീഫഃയെ കണ്ട് അന്യനാടുകളിൽനിന്ന് വന്ന സന്ദർശകർ അദ്ഭുതം കൂറിയിട്ടുണ്ട്. ഭൃത്യനെ ഒട്ടകപ്പുറത്തിരുത്തി ഒട്ടകക്കയർ പിടിച്ചു നടന്നുവരുന്ന ഖലീഫഃയെ കണ്ട് ജറൂസലമിലെ യഹൂദരും ക്രൈസ്തവരും അമ്പരന്നത് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളോട് മോശമായി പെരുമാറിയ ഗവർണർമാരെ ഖലീഫഃമാർ ശാസിച്ചു. 'യൂഫ്രട്ടീസിന്റെ തീരത്ത് ഒരാട് വിശന്നു ചത്താൽ താൻ അല്ലാഹുവിനോട് സമാധാനം പറയേണ്ടിവരും' എന്ന ബോധമാണ് ഖലീഫഃയെ നയിച്ചിരുന്നത്. സാമൂഹിക ക്ഷേമം ഇസ്‌ലാമിക ഭരണകൂടത്തിന്റെ പ്രധാന പരിഗണനയായി അംഗീകരിക്കപ്പെട്ടു.

ഇസ്‌ലാമിക ഖിലാഫത് വംശാധിപത്യത്തിന് വഴിമാറിയത് ഉമവീ വാഴ്ചയുടെ ആരംഭത്തോടെയാണ്. ജനങ്ങളുടെ സ്വാതന്ത്ര്യബോധവും തന്റേടവും ഈ വംശവാഴ്ചകളെ ഒരു പരിധിക്കപ്പുറം കടക്കുന്നതിൽനിന്ന് പലപ്പോഴും തടഞ്ഞു. മതവിശ്വാസത്തിന്റെയും പ്രമാണങ്ങളുടെയും പിന്തുണ ഭരണാധികാരികൾക്കായിരുന്നില്ല, മറിച്ച്, ജനങ്ങൾക്കായിരുന്നു എന്നതാണ് ശ്രദ്ധേയമായ വസ്തുത. ക്രൈസ്തവ രാജ്യങ്ങളിൽ ഇതിന്റെ നേർവിപരീതമായി മതത്തിന്റെ പിന്തുണ ഭരണാധികാരികൾക്കായിരുന്നു; ജനങ്ങൾക്കായിരുന്നില്ല. ജനങ്ങളുടെ മതപരവും രാഷ്ട്രീയവുമായ നേതൃത്വം വഹിക്കുന്നത് ഖ*ലീഫഃയാണ്. എന്നാൽ ഖലീഫഃ പോപ്പോ പുരോഹിതനോ അല്ല. മതപരമായ വിധികൾ പ്രസ്താവിക്കാനുള്ള അധികാരം ഖലീഫഃയ്ക്കില്ല.

അ*ബ്ബാസീ ഭരണകാലത്ത് ശക്തമായ ഒരു കേന്ദ്ര-പ്രവിശ്യാ ഭരണവ്യവസ്ഥ നിലവിൽവന്നു. വിപുലമായ ഉദ്യോഗസ്ഥ സമ്പ്രദായവും അതിനനുബന്ധമായി വളർന്നുവന്നു. ഓരോ വകുപ്പിനും ഓരോ മന്ത്രിമാരെ നിശ്ചയിക്കുന്ന പതിവും അബ്ബാസീ കാലത്താണുണ്ടായത്. നികുതി പിരിവിന് പ്രത്യേകം ഉദ്യോഗസ്ഥരെ നിശ്ചയിച്ചു. ജനങ്ങളുടെ ക്ഷേമം അന്വേഷിക്കുന്നതിനും ക്രമസമാധാനം ഉറപ്പുവരുത്തുന്നതിനും ചാരന്മാരെയും പോലീസുകാരെയും നിയോഗിച്ചു.

പ്രഥമ ഖലീഫഃ അബൂബക്ർ മുതൽ ഖലീഫഃ മഅ്മൂൻ വരെയുള്ളവർ വലിയൊരു പ്രദേശത്തെ ജനങ്ങളെ സമർഥമായി ഭരിച്ച ചരിത്രത്തിലെ ഏറ്റവും കഴിവുറ്റ ഭരണാധികാരികളായിരുന്നു എന്ന് വിൽഡ്യൂറന്റ് പറയുന്നു. ഭൂമി അളന്നു തിട്ടപ്പെടുത്താനും എന്നാൽ അവയുടെ കൈകാര്യം ജനങ്ങൾക്കുതന്നെ വിട്ടുകൊടുക്കാനും ഖലീഫഃമാർ നിഷ്കർഷിച്ചിരുന്നു. ഖലീഫഃമാരുടെ ഭരണ നേട്ടങ്ങളെ വിൽഡ്യൂറന്റ് ഇങ്ങനെ വിലയിരുത്തുന്നു. "എല്ലാ ഭരണകൂടങ്ങളിലുമെന്ന പോലെ ഈ വ്യവസ്ഥയിലും ശക്തിയും സാമർഥ്യവും ലാളിത്യത്തെയും ബലഹീനതയെയും ചൂഷണം ചെയ്തിട്ടുണ്ട്. എങ്കിലും ജീവന്നും തൊഴിലിനും ഖലീഫഃമാർ ന്യായമായ സംരക്ഷണം നല്കിയിരുന്നു. വൈദഗ്ധ്യമുള്ളവർക്ക് അതിനൊത്ത തൊഴിലുകൾ കിട്ടാനുള്ള അവസരം നിലനിർത്തി. പിന്നീടൊരിക്കലും സാധിച്ചിട്ടില്ലാത്ത അഭിവൃദ്ധി ആറു നൂറ്റാണ്ടോളം നേടിക്കൊടുത്തു. അഞ്ചു നൂറ്റാണ്ട് കാലം പശ്ചിമേഷ്യയെ ലോകത്തിലെ ഏറ്റവുമധികം നാഗരികത പ്രാപിച്ച മേഖലയാക്കി നിലനിർത്തുമാറ് വിദ്യാഭ്യാസം, സാഹിത്യം, ശാസ്ത്രം, തത്ത്വചിന്ത, കല എന്നിവയുടെ വളർച്ചയെ സഹായിച്ചു." (പേ. 227).